**THE STATE ELECTRICITY OMBUDSMAN**
D.H. Road & Foreshore Road Junction, Near Gandhi Square,
Ernakulam, Kerala-682 016
Ph: 0484 2346488, Mob: 8714356488
Email: ombudsman.electricity@gmail.com

---

# അപ്പീൽ പരാതി നമ്പർ: P/079/2024

**(സാന്നിധ്യം: എ. ചന്ദ്രകുമാരൻ നായർ)**

**തീയതി: 10-02-2025**

പരാതിക്കാരൻ : ശ്രീ.പി.എൻ. അബ്ദുൽ ലത്തീഫ്(ചെയർമാൻ)
ജാമിയ അൽ ഹിന്ദ് അൽ ഇസ്ലാമിയ ട്രസ്റ്റ്
നടുവക്കാട്, ഊരകം, മലപ്പുറം - 676519

എതിർകക്ഷി : അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ്
ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കോട്ടയ്ക്കൽ,
മലപ്പുറം, ജില്ല.

# ഉത്തരവ്

## പരാതിയുടെ പശ്ചാത്തലം

പരാതിക്കാരൻ ശ്രീ.അബ്ദുൽ ലത്തീഫ്, ജാമിയ അൽ ഹിന്ദ് അൽ ഇസ്ലാമിയ ട്രസ്റ്റിന്റെ ചെയർമാൻ ആണ്. ഈ ട്രസ്റ്റ്, മിനി ഊട്ടി ഊരകം എന്ന സ്ഥലത്ത് നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനത്തിനുവേണ്ടി ലൈസൻസിയായ KSEB ൽ നിന്നും വൈദ്യുത കണക്ഷൻ എടുത്തിട്ടുണ്ട്. ഈ സ്ഥാപനമിരിക്കുന്ന ക്യാംപസിൽ വിദ്യാഭ്യാസസ്ഥാപനം, ഒരു ആരാധനാലയം, ഹോസ്റ്റൽ ഇവയ്ക്ക് വെവ്വേറെ കണക്ഷൻ ആണ് എടുത്തിട്ടുള്ളത്. ഇതിൽ സ്ഥാപനത്തിന് വേണ്ടി എടുത്തിട്ടുള്ള കണക്ഷൻ നമ്പർ 1168081011241 ആണ് ഈ പരാതിയ്ക്കാധാരം. 9.678 KM ലോഡോടുകൂടി അക്കാദമിക് ബ്ലോക്കിലേയ്ക്ക് 6F താരിഫിലുള്ള ഈ കണക്ഷൻ, 24/04/2019 ൽ ആണ് നൽകിയിരിക്കുന്നത്. ഈ കണക്ഷൻ 6 F ൽ നിന്ന് 6 A യിലേക്ക് മാറ്റുകയും കണക്റ്റഡ് ലോഡ് 44.68 KW ആയി ഉയർത്തുകയും contract demand 20 KVA ആക്കുകയും ചെയ്തു. ലൈസൻസിയുടെ തിരൂർ RAO സെക്ഷനിൽ 29/02/2024 ൽ ആഡിറ്റ് നടത്തിയപ്പോൾ ഈ ഉപഭോക്താവിന് ബാധകമാക്കിയിരിക്കുന്ന താരിഫ് 6A ക്ക് അർഹതയില്ലെന്ന് കണ്ടെത്തുകയും ശരിയായ താരിഫ് 6F ആയിരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു അങ്ങനെ

**02/2022** മുതൽ മുൻകാല പ്രബല്യത്തോടെ താരിഫ് വ്യത്യാസത്തിൽ വന്ന തുക കണക്കാക്കുകയും അതിന് **demand notice** അയയ്ക്കുകയും ചെയ്തു. ഉപഭോക്താവിന്റെ സ്ഥാപനം **Religious education** നടത്തുന്നതാകയാൽ **6A** യിൽ വൈദ്യുത ബിൽ ഈടാക്കണം എന്ന അപേക്ഷ ലൈസൻസി അംഗീകരിക്കാതെ വന്നതിനാൽ **CGRF** ൽ പരാതി നൽകുകയുണ്ടായി. **CGRF** പരാതിയിൽ നടപടികൾ പൂർത്തിയാക്കി ഉത്തരവ് **05/11/2024** ൽ ഇറക്കി. ആ ഉത്തരവിന്റെ അപ്പീലായിട്ടാണ് ഈ പരാതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം സമർപ്പിച്ചിരിക്കുന്നത്.

## പരാതിക്കാരന്റെ വാദം

വൈദ്യുതി പരാതി പരിഹാര സഭ വടക്കൻ മേഖല കോഴിക്കോട് മുമ്പാകെ ഞാൻ വിശദമായ ഒരു പരാതി സമർപ്പിച്ചിരുന്നു. പരാതിയുടെ കോപ്പി ഇതോടൊന്നിച്ച് ഹാജരാക്കുന്നു. എന്നാൽ ടി പരാതിയിൽ അന്വേഷണം നടത്തി നിരസിക്കുകയാണ് ചെയ്തിട്ടുള്ളത്. നിരസിക്കാനുള്ള കാരണമായി പരാമർശിച്ചത് ടി സ്ഥാപനം ട്രസ്റ്റ് ആണെങ്കിലും വിദ്യാർത്ഥികളിൽ നിന്ന് ഫീസ് ഈടാക്കുന്നുണ്ടോ എന്ന് ഗൂഗിൾ സെർച്ച് ചെയ്ത് കണ്ടെത്തി എന്നായിരുന്നു, എന്നാൽ ജാമിഅഃ അൽ ഹിന്ദ് അൽ ഇസ്ലാമിയ ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ ഊരകം ഗ്രാമ പഞ്ചായത്തിലെ മിനി ഊട്ടിയിൽ പ്രവർത്തിച്ചു വരുന്ന ഖുർആൻ മനഃപാഠമാക്കുന്നതും, മതപഠനം നടത്തുന്നതുമായ സ്ഥാപനം പൂർണ്ണമായും സൗജന്യമായിട്ടാണ് പ്രവർത്തിക്കുന്നത്. ഇവിടെ ഫീസ് വാങ്ങുന്നില്ല എന്നതിനുള്ള തെളിവ് **CGRF**നു മുമ്പാകെ സമർപ്പിച്ചതാണ്. സമർപ്പിച്ചിട്ടില്ല എന്നത് ശരിയല്ല. **CCRF**നു മുമ്പാകെ ഫീസ് വാങ്ങാത്ത സ്ഥാപനത്തിന് ലഭിക്കുന്ന **12A** രജിസ്ട്രേഷൻ കോപ്പി സമർപ്പിച്ചിട്ടുണ്ട്.

എന്നാൽ **CCRF** ഗൂഗിളിൽ സെർച്ച് ചെയ്ത് കണ്ടെത്തി എന്ന് പറഞ്ഞത് സ്ഥാപനത്തിന്റെ പുറത്ത് ഓൺലൈനായി നടത്തുന്ന കോഴ്സാണ്. മേൽ കൺസ്യൂമർ നമ്പറിനു കീഴിൽ നടത്തുന്ന സ്ഥാപനത്തിൽ ഫീസ് വാങ്ങുന്നു എന്ന പരാമർശം തീർത്തും തെറ്റാണ്. ഡിപ്ലോമ കോഴ്സ് ഈ സ്ഥാപനത്തിൽ നേരിട്ട് നടത്തുന്ന കോഴ്സ് അല്ല. മാത്രവുമല്ല ഫീസ് ഈടാകുന്നത് വർഷത്തിൽ വെറും അയ്യായിരം **(5,000)** രൂപ മാത്രമാണ്. ഇത് തെറ്റായിട്ടാണ് അമ്പതിനായിരം **(50,000)** എന്ന് മേൽ ഓർഡറിൽ രേഖപ്പെടുത്തിയത്.

ഇനി ഈ കോഴ്സ് നടത്തുന്ന സ്ഥാപനങ്ങൾ തന്നെ മേൽ വൈദ്യുതി കൺസ്യൂമർ നമ്പറിന്റെ കീഴിൽ വരുന്നതല്ല. മേൽ കൺസ്യൂമർ നമ്പറിന് കീഴിൽ ഇതുമായി ബന്ധപ്പെട്ട കുട്ടികൾ പഠിക്കുന്നുമില്ല. ഇത് സ്ഥാപനത്തിന്റെ പുറത്ത് പ്രാദേശിക സെന്ററുകളിൽ അവിടെയുള്ള പഠിതാക്കൾക്ക് മതപരമായ വിഷയങ്ങൾ പഠിപ്പിച്ച് കൊടുക്കുന്ന കോഴ്സ് ആണ്. ഇതിന്റെ നടത്തിപ്പിന് ആ പ്രാദേശിക സെന്ററുകൾക്ക് ആവശ്യമായി വരുന്ന ചിലവ് എന്ന നിലയ്ക്കാണ് മാസത്തിൽ **500** രൂപ വെച്ച് ഒരു പഠിതാവിൽ നിന്ന് വർഷത്തിൽ അയ്യായിരം രൂപ സ്വീകരിക്കുന്നത്, ഈ കോഴ്സിന്റെ വരവുകളും ചിലവുകളും പൂർണ്ണമായും പ്രാദേശിക സെന്ററുകൾ തന്നെയാണ് കൈകാര്യം ചെയ്യുന്നത്.

ആയതിനാൽ ഞാൻ വൈദ്യുതി പരാതി പരിഹാര സഭ മുമ്പാകെ സമർപ്പിച്ച പരാതിയിലെ വസ്തുതകൾ അനുഭാവപൂർവ്വം പരിഗണിച്ച് ഈ സ്ഥാപനത്തിന്റെ താരീഫ് 6Aൽ നിലനിർത്തി കുടിശ്ശിക ബിൽ തുക 96,549 രൂപ അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കി കിട്ടുന്നതിന്ന് വേണ്ട ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

## എതിർകക്ഷിയുടെ വാദം

ഊരകം ഇലക്ട്രിക്കൽ സെക്ഷനിലെ കൺസ്യൂമർ നമ്പർ 1168081011241 എന്ന കണക്ഷൻ ശ്രീ.ഫൈസൽ തറമ്മൽ സെക്രട്ടറി ജാമിയ അൽ ഹിന്ദ് അൽ ഇസ്ലാമിയ മിനി ഊട്ടി,ഊരകം എന്ന പേരിൽ അക്കാദമിക് ബ്ലോക്ക് കെട്ടിടത്തിലേക്ക് 24/04/2019-ൽ 6F താരിഫിൽ 9678 വാട്സ് കണക്റ്റഡ് ലോഡോഡു കൂടി നൽകിയിട്ടുള്ളതാണ്. ടി കണക്ഷൻ 15/05/2022 മുതൽ 6F താരിഫിൽ നിന്നും 6A താരിഫിലേക്ക് മാറ്റിയിട്ടുള്ളതും കണക്റ്റഡ് ലോഡ് 44680 വാട്സിലേക്കും കോൺട്രാക്റ്റ് ഡിമാന്റ് 20 KVA ലേക്കും ഉയർത്തുകയും ചെയ്തു. ടി അപേക്ഷയിലും കാറ്റഗറി എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശ്രീ. ഫൈസൽ തറമ്മൽ എന്നയാളാണ് ടി അപേക്ഷകൾ സമർപ്പിച്ചിരിക്കുന്നത്. ഊരകം ഗ്രാമപഞ്ചായത്തിൽ നിന്നും സർട്ടിഫിക്കറ്റ് നമ്പർ B2-2557/2020 തീയ്യതി 16/07/2020 ൽ വിദ്യാർത്ഥികൾക്ക് ഗൂഗിൾ സ്യൂട്ടന് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിലും എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തിരൂർ റീജിയണൽ ആഡിറ്റ് ആഫീസറുടെ സെക്ഷൻ ആഡിറ്റ് റിപ്പോർട്ട് നമ്പർ RAO/TRR/Section Audit-OKM/2023-24/199 തീയ്യതി 29/02/2024 പ്രകാരം കണ്ടെത്തിയിട്ടുള്ളത് ടി കണക്ഷൻ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ എന്ന കാറ്റഗറിയിലാണ് അപേക്ഷിച്ചിട്ടുള്ളതെന്നും, ഊരകം ഗ്രാമപഞ്ചായത്തിൽ നിന്നും അപേക്ഷക്കൊപ്പം നൽകിയിട്ടുള്ള സർട്ടിഫിക്കറ്റിൽ ജാമിയ അൽ ഹിന്ദ് അൽ ഇസ്ലാമിയ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ എന്നാണ് നൽകിയിട്ടുള്ളതെന്നും കണ്ടെത്തിയതിനാൽ 02/2022 മുതൽ തെറ്റായി നൽകിയ താരിഫ് മൂലം കുറവു വന്ന തുക ഈടാക്കണമെന്നും താരിഫും പർപ്പസും മാറ്റണമെന്നും നിർദ്ദേശിച്ചിരുന്നു.ആയതിന്റെ അടിസ്ഥാനത്തിലും രേഖകൾ പരിശോധിച്ചതിലും 02/2022 മുതൽ 03/2024 വരെയുള്ള കാലയളവിലെ കുറവ് വന്ന 96549/-രൂപയുടെ ഡിമാന്റ് നൽകിയിട്ടുള്ളതാണ്.

27/10/2023 മുതൽ ടി സ്ഥാപനത്തിന്റെ ഉടമയുടെ പേര് ചെയർമാൻ, ജാമിയ അൽ ഹിന്ദ് അൽ ഇസ്ലാമിയ ട്രസ്റ്റ് എന്ന് മാറ്റിയിട്ടുള്ളതുമാണ്. മറുപടിയിൽ പ്രതിഷേധിച്ച്, ഹർജിക്കാരൻ ഹോണറബിൾ കൺസ്യൂമർ ഗ്രീവൻസ് റിഡ്രസൽ ഫോറം (വടക്കൻ മേഖല) കോഴിക്കോട് മുമ്പാകെ ഒപി നമ്പർ.60/2024-25 അപ്പീൽ ഫയൽ ചെയ്തു. താരിഫ് റിവിഷൻ ഗസറ്റിലും താരിഫ് റിവിഷൻ ഉത്തരവിലും "Institutions imparting religious education" എന്ന വിഭാഗത്തിലുള്ളവയ്ക്കാണ് 6A താരിഫ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ സ്ഥാപനം കണക്ഷൻ ആവശ്യപ്പെട്ടു നൽകിയ അപേക്ഷയിലും ലോഡ്/താരിഫ് മാറ്റം അപേക്ഷയിലും എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ 64 താരിഫ് വിഭാഗത്തിൽ ഉൾപ്പെടുന്നില്ല.

ടി കൺസ്യൂമർക്ക് മത പഠന സ്ഥാപനം എന്ന നിലയിലുള്ള മതിയായ സർട്ടിഫിക്കറ്റ് ഹാജരാക്കാനും കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് വസ്തുത. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 റഗുലേഷൻ 152 പ്രകാരം തെറ്റായി താരിഫ് നിർണ്ണയം നടത്തിയ കാലയളവിൽ കുറവ് വന്ന തുക ഉപഭോക്താവിൽ നിന്നും ഈടാക്കുവാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ കുറവുവന്ന പരാതിക്കാരനിൽ നിന്നും ഈടാക്കാൻ അനുവദിക്കണമെന്നും അപേക്ഷിക്കുന്നു.

## പരാതിക്കാരന്റെ എതിർവാദം

ജാമിഅ അൽ ഹിന്ദ് അൽ ഇസ്ലാമിയ ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ ഊരകം ഗ്രാമ പഞ്ചായത്തിലെ മിനി ഊട്ടിയിൽ പ്രവർത്തിച്ചു വരുന്ന ഖുർആൻ മനഃപാഠം ഉൾപ്പെടെ പഠിപ്പിക്കുന്നതുമായ മതപഠനസ്ഥാപനമാണ് ജാമിഅ അൽ ഹിന്ദ് അൽ ഇസ്ലാമിയ. ചെയർമാൻ ജാമിഅ അൽ ഹിന്ദ് അൽ ഇസ്ലാമിയ എന്ന പേരിൽ, കൺസ്യൂമർ നമ്പറിലുള്ള(1168081011241) കണക്ഷൻ ഈ സ്ഥാപനത്തിന്റെ കീഴിലുള്ളതാണ്. ഈ സ്ഥാപനത്തിൽ കുല്ലിയത്തുൽ ഹദീസ്, ഫിഖ്ഹ്, ഖുർആൻ, ഭാഷാ പഠനവുമാണ് പഠിപ്പിക്കുന്നത്. മറ്റു യൂണിവേഴ്സിറ്റി അംഗീകൃത ഡിഗ്രികൾ ഒന്നും ഇവിടെ പഠനം നടത്തുന്നില്ല. വിദ്യാർത്ഥികളിൽ നിന്ന് യാതൊരു ഫീസും ഈടാക്കുന്നില്ല. പൊതുജനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിച്ചുകൊണ്ടാണ് ഈ സ്ഥാപനം നടന്നു പോകുന്നത്.

ആയതിന്റെ അടിസ്ഥാനത്തിൽ ഒരു മതപഠന സ്ഥാപനം എന്ന നിലക്ക് ഈ സ്ഥാപനത്തിന്റെ കണക്ഷൻ തന്നെ നിചപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് CGRFന്റെ മുമ്പാകെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കോട്ടക്കൽ എതിർ കക്ഷിക്കെതിരെ കൊടുത്ത പരാതി മുഖവിലക്കെടുത്ത് CGRF അംഗങ്ങൾ സ്ഥാപനം സന്ദർശിക്കുകയും സന്ദർശന വേളയിൽ ഇത് അവർക്ക് ബോധ്യപ്പെടുകയും ചെയ്തു. മാത്രവുമല്ല കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന ഇനങ്ങൾ മാത്രമാണല്ലോ പഞ്ചായത്ത് രേഖകളിൽ ഉൾപ്പെടുത്തുക. കേരള കെട്ടിട നിർമ്മാണ ചട്ടം കെട്ടിടങ്ങളെ റെസിഡൻഷ്യൽ, കോമേഴ്സ്യൽ, എഡ്യൂക്കേഷണൽ തുടങ്ങിയ വിഭാഗങ്ങളായിട്ടാണല്ലോ തരം തിരിച്ചിട്ടുള്ളത്. മതവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന് പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ വിദ്യഭ്യാസ സ്ഥാപനം ഒരു മത സ്ഥാപനമാണെന്ന് സാക്ഷ്യപ്പെടുത്തിയ പഞ്ചായത്ത് വികസന സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ അഷ്റഫ് സാഹിബിന്റെ സാക്ഷ്യപത്രം ഇതിനോട് കൂടെ വെച്ചിട്ടുണ്ട്. ആയതിനാൽ വിദ്യാഭ്യാസ സ്ഥാപനം എന്ന ഗണത്തിൽ എല്ലാ മത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉൾപ്പെടുന്നതാണ്. ഇലക്ട്രിസിറ്റി റെഗുലേഷൻ താരിഫ് ഉത്തരവിൽ മതവിദ്യാഭ്യാസ സ്ഥാപനം 6 A യിൽ ഉൾപ്പെടുന്നതാണെന്ന് സൂചന 2 പ്രകാരം വ്യക്തമാണല്ലോ, അതുകൊണ്ട് തന്നെ ഈ സ്ഥാപനം മതവിദ്യഭ്യാസ സ്ഥാപനമല്ല എന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പരാമർശം തികച്ചും തെറ്റാണ്.

ജാമിഅ അൽഹിന്ദ് അൽ ഇസ്ലാമിയ്യ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള ടി കെട്ടിടം പൂർണമായും വിദ്യാർത്ഥികൾക്ക് മതവിദ്യാഭ്യാസം സൗജന്യമായി നൽകുന്ന

ആവശ്യത്തിന് വേണ്ടിയാണ് ഉപയോഗിച്ച് വരുന്നത്. കൂടാതെ താരിഫ് വ്യക്തമാക്കുന്ന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ **Interim Order OP Number 18/2023** പേജ് **139,140**(സൂചന**2**) എന്നിവയിൽ മതവിദ്യാഭ്യാസസ്ഥാപനങ്ങളുടെ എന്ന താരിഫ് **6A** ആണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ട്യൂഷൻ സെന്റർ, സ്വാശ്രയ സ്ഥാപനങ്ങൾ എന്നിവ **6F** ൽ ഉൾപ്പെട്ടതാണെന്നും ടി ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഞങ്ങളുടെ സ്ഥാപനം ടി ഉത്തരവിൽ പറയുന്ന '**institutions imparting religious education** ശീർഷകത്തിലാണ് ഉൾപ്പെടുന്നത്. ഇത് തെളിയിക്കുന്ന ട്രസ്റ്റിന്റെ **124** രജിസ്ട്രേഷൻ (സൂചന **5**), സിലബസ് (സൂചന **8**) അടക്കമുള്ള രേഖകൾ **CGRF** മുമ്പാകെ മുമ്പ് സമർപ്പിച്ചിരുന്നതും ഓംബുഡ്സ്മാന് അപേക്ഷയുടെ കൂടെ കോപ്പി സമർപ്പിച്ചതുമാണ്. ഇത് സ്വാശ്രയ സ്ഥാപനമോ സർക്കാർ അംഗീകാരമുള്ള പൊതു വിദ്യഭ്യാസ സ്ഥാപനമോ അല്ല. സ്വകാര്യ ട്യൂഷൻ സെന്ററോ പരിശീലന കേന്ദ്രമോ അല്ല. ഒരുവിധ ഫീസും ഈടാക്കാതെ മതപഠനം നടത്തി വരികയാണ് ചെയ്തുവരുന്നത്. മാത്രവുമല്ല, റഗുലൈറ്ററി കമ്മീഷൻ ഉത്തരവിൽ **LTVIF** താരിഫ് രേഖപ്പെടുത്തിയ **(1)** മുതൽ **(ix)** വരെ വ്യക്തമാക്കിയ ലിസ്റ്റിൽ സ്വകാര്യ കോച്ചിംഗ് സെന്റർ, ട്യൂഷൻ സെന്റർ, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനം എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മതവിദ്യാഭ്യാസ സ്ഥാപനം ഈ വിഭാഗത്തിൽ രേഖപ്പെടുത്തിയിട്ടില്ലല്ലോ.

എന്നാൽ "ഈ സ്ഥാപനം കണക്ഷൻ ആവശ്യപ്പെട്ട് നൽകിയ അപേക്ഷയിലും ലോഡ്താരിഫ് മാറ്റം അപേക്ഷയിലും 'റിലീജിയസ് എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷൻ' എന്ന് രേഖപ്പെടുത്തിട്ടിയില്ല എന്നത് ഞങ്ങളുടെ അപേക്ഷ കൊടുക്കുമ്പോൾ അങ്ങനെ കൊടുക്കണമെന്ന് ഞങ്ങളുടെ അറിവില്ലായ്മ മൂലമാണ്. എന്നാൽ ഞങ്ങളുടെ അപേക്ഷ മാനിച്ച് ഊരകം അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥാപനം സന്ദർശിച്ച് ഇത് മത സ്ഥാപനമാണ് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണല്ലോ **6A** താരീഫ് അനുവദിച്ച് തന്നത്. മാത്രവുമല്ല **CGRF** അംഗങ്ങൾ സ്ഥാപനം സന്ദർശിച്ച സമയത്ത് അവർക്കും അത് ബോധ്യപ്പെട്ടതാണ്. എന്നാൽ **CGRF** ഗൂഗിളിൽ സെർച്ച് ചെയ്ത് ഒരു കോഴ്സിന് ഫീസ് വാങ്ങുന്നു എന്ന് കണ്ടെത്തി എന്ന് പറഞ്ഞത് സ്ഥാപനത്തിന്റെ പുറത്ത് ഓൺലൈനായി നടത്തുന്ന കോഴ്സാണ്. മേൽ കൺസ്യൂമർ നമ്പറിനു കീഴിൽ നടത്തുന്ന സ്ഥാപനത്തിൽ ഫീസ് വാങ്ങുന്നു എന്ന പരാമർശം തീർത്തും തെറ്റാണ്. ഡിപ്ലോമ കോഴ്സ് ഈ സ്ഥാപനത്തിൽ നേരിട്ട് നടത്തുന്ന കോഴ്സ് അല്ല. മാത്രവുമല്ല ഫീസ് ഈടാകുന്നത് വർഷത്തിൽ വെറും അയ്യായിരം **(5,000)** രൂപ മാത്രമാണ് (സൂചന **7)** ഇത് തെറ്റായിട്ടാണ് അമ്പതിനായിരം **(50,000)** എന്ന് മേൽ ഓർഡറിൽ രേഖപ്പെടുത്തിയത്.

ഇനി ഈ കോഴ്സ് നടത്തുന്ന സ്ഥാപനങ്ങൾ തന്നെ മേൽ വൈദ്യുതി കൺസ്യൂമർ നമ്പറിന്റെ കീഴിൽ വരുന്നതല്ല. മേൽ കൺസ്യൂമർ നമ്പറിന്ന് കീഴിൽ ഇതുമായി ബന്ധപ്പെട്ട കുട്ടികൾ പഠിക്കുന്നുമില്ല. ഇത് സ്ഥാപനത്തിന്റെ പുറത്ത് പ്രാദേശിക സെന്ററുകളിൽ അവിടെയുള്ള പഠിതാക്കൾക്ക് മതപരമായ വിഷയങ്ങൾ പഠിപ്പിച്ച് കൊടുക്കുന്ന കോഴ്സ് ആണ്. ഇതിന്റെ നടത്തിപ്പിന് ആ പ്രാദേശിക സെന്ററുകൾക്ക് ആവശ്യമായി വരുന്ന ചിലവ് എന്ന നിലക്കാണ് മാസത്തിൽ **500** രൂപ വെച്ച് ഒരു പഠിതാവിൽ നിന്ന് വർഷത്തിൽ അയ്യായിരം രൂപ സ്വീകരിക്കുന്നത്, ഈ കോഴ്സിന്റെ

വരവുകളും ചിലവുകളും പൂർണ്ണമായും പ്രാദേശിക സെന്ററുകൾ തന്നെയാണ് കൈകാര്യം ചെയ്യുന്നത്.

ആയതിനാൽ ഞാൻ മുകളിൽ വിവരിച്ച കാര്യങ്ങളും, വൈദ്യുതി പരാതി പരിഹാര സഭ മുമ്പാകെ സമർപ്പിച്ച പരാതിയിലെ (സൂചന 4) വസ്തുതകളും അനുഭാവപൂർവ്വം പരിഗണിച്ച് ഈ സ്ഥാപനത്തിന്റെ താരീഫ് 6Aൽ നിലനിർത്തി കുടിശ്ശിക ബിൽ തുക 96,549 രൂപ അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കി കിട്ടുന്നതിന്ന് വേണ്ട ഉത്തരവുണ്ടാകണമെന്ന് KSEB ഓംബുഡ്സ്മാൻ മുമ്പാകെ വിനീതമായി അപേക്ഷിക്കുന്നു.

## വിശകലനവും കണ്ടെത്തലുകളും

അപ്പീൽ പരാതിയുടെ വാദം 28/01/2025-ന് രാവിലെ 11:00-ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ, ഡി.എ.ച്ച് റോഡ്, എറണാകുളം ഓഫീസിൽവെച്ച് നടന്നു. പരാതിക്കാരനെ പ്രതിനിധീകരിച്ച് ശ്രീ. സമീർ.കെ.വി എതിർ കക്ഷിയായ ശ്രീ.അദിത്.ഡി.റ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കോട്ടക്കൽ,മലപ്പുറം എന്നിവരാണ് ഹിയറിംഗിൽ പങ്കെടുത്തത്.

മലപ്പുറം ജില്ലയിൽ ഊരകത്ത് മിനി ഊട്ടി എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന സ്ഥാപനമാണ് JAMIA-AL-HIND-AL-ISLAMIYA എന്ന വിദ്യാഭ്യാസസ്ഥാപനം. 03/04/2014 ൽ രജിസ്റ്റർ ചെയ്തിട്ടുള്ള Trust-deed പ്രകാരം നിലവിൽ വന്നിട്ടുള്ള Trust ന്റെ കീഴിലുള്ളതാണ് ഈ വിദ്യാഭ്യാസ സ്ഥാപനം. 12/10/2017 ൽ കേരള സർക്കാരിന്റെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള Wisdon Islamic Organisation ന്റെ Wisdon Education Board ന്റെ affiliation ൽ ആണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത് എന്ന് രേഖകളിൽ നിന്ന് വ്യക്തമാകുന്നു. അക്കാദമിക് ബ്ലോക്കിനും, ആരാധനാലയത്തിനും, ഹോസ്റ്റലിനുമായി നിലവിലുള്ള മൂന്ന് വൈദ്യുത കണക്ഷനുകളിൽ അക്കാദമിക് ബ്ലോക്കിന് വേണ്ടിയുള്ളതാണ് കൺസ്യൂമർ നമ്പർ 1168081011241 ആയിട്ടുള്ള കണക്ഷൻ. പ്രസ്തുത കണക്ഷൻ 24/04/2019 ൽ നിലവിൽ വന്നതു മുതൽ 6F എന്നതാരിഫിലാണ് വൈദ്യുത ചാർജ് ഈടാക്കിയിരുന്നത്. എന്നാൽ 15/05/2022 ൽ ഈ കണക്ഷന്റെ താരിഫ് 6 A യിലേക്ക് മാറ്റുകയും connected load 44.68 kw ലേയ്ക്ക് ഉയർത്തുകയും ചെയ്തിട്ടുണ്ട്. ലൈസൻസിയുടെ തിരൂർ റീജിയണൽ ഓഡിറ്റ് wing ന്റെ ആഡിറ്റിംഗിൽ ഈ സ്ഥാപനത്തിന് 6A താരിഫിന് അർഹതയില്ലെന്നും അതിനാൽ 6F ലേയ്ക്ക് മാറ്റണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അങ്ങനെ താരിഫ് 6F ലേയ്ക്ക് മാറ്റുകയും പിന്നീടുള്ള വൈദ്യുത ബിൽ 6F താരിഫിൽ തന്നെ ഈടാക്കുകയും ചെയ്യുന്നു. 02/2024 മുതൽ 03/2024 വരെയുള്ള കാലയളവിലേയ്ക്ക് 6F താരിഫിലുള്ള ചാർജ്ജും 6A താരിഫിലുള്ള ചാർജ്ജും തമ്മിലുള്ള വ്യത്യാസം Short Assesement ആയി കണക്കാക്കുകയും demand notice ആയി നൽകുകയും ചെയ്തു. അതാണിവിടുത്തെ തർക്ക വിഷയം. കേരളം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഇറക്കിയിട്ടുള്ള താരിഫ് ഓർഡർ പ്രകാരം LT 6A താരിഫ് ബാധകമാകുന്ന സ്ഥാപനങ്ങൾ ഇവയാണ്.

i. *Government or Government aided educational institutions; libraries and reading rooms of Government aided educational institutions*
ii. *Primary health centres, dispensaries and hospitals under the Central Government or State Government or Local Self Government Institutions; X-Ray units, laboratories, blood banks, mortuaries and such other units attached to such primary health centres, dispensaries and hospitals;blood banks of IMA; poly clinics under Ex-servicemen Contirbutory Health Scheme(ECHS).*
iii. *Centres for religious worship such as temples, mosques and churches; institutions imparting religious education, monasteries and convents;*
iv. *Dialysis centres providing free dialysis to the poor.*

ഇവിടെ **Government or Aided** വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, കൂടാതെ **institutions imparting religion education** എന്നിവയ്ക്കും **6A** ബാധകമാകും എന്ന് പ്രതിപാദിച്ചിരിക്കുന്നു. മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെല്ലാം താരിഫ് **6F** ആയിരിക്കും എന്നും വിശദമാക്കുന്നു. **6F** ബാധകമായവ ഇവയാണ്.

i. *Computer training institutes, private coaching or tuition centres, self-financing educational institutions including the hostels run by them.*
ii. *Cinema studios, audio/video cassette recording/duplicatio units, CD recording units, cinema dubbing and animation studios,*
iii. *All construction works,*
iv. *Installations of cellular mobile communications, satellite communications, offices and /or exchanges of telecom companies*
v. *Offices or institutions of All India Radio(AIR), Dooradarshan and other television broadcasting companies, cable TV networks, radio stations*
vi. *Hall marking centres*
vii. *Offices of the advocates or chartered accountants or company secretary or consulting engineers or tax consultants or architects or cost accountants or of management consultants.*
viii. *Offices of the 'on line news channels and on line portals'.*

സർക്കാരിന്റെ കീഴിലല്ലാത്തതും മതപഠനത്തിനുവേണ്ടിയുള്ളതല്ലാത്തതുമായവയ്ക്കെല്ലാം **6F** ബാധകമായി വരുന്നു. പ്രസ്തുത സ്ഥാപനം **Religion Educational Institution** ആണെന്ന് സ്ഥാപിക്കാനാണ് പരാതിക്കാരൻ ശ്രമിക്കുന്നത്. ഊരകം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയിരിക്കുന്ന സർട്ടിഫിക്കറ്റിൽ ഈ സ്ഥാപനം **Educational Institution** എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. അതുപോലെ തന്നെ കണക്ഷനുവേണ്ടിയുള്ളതും **Contract demand** ഉയർത്തുന്നതിനുമായ അപേക്ഷയിൽ കാണിച്ചിരിക്കുന്നതും **Educational Institution** എന്നാണ്. പത്താംക്ലാസ് കഴിഞ്ഞ കുട്ടികൾക്ക് 5 മുതൽ 7 വർഷം വരെ അറബിയിൽ ഉയർന്ന വിദ്യാഭാസം നൽകുന്ന സ്ഥാപനമായാണ് ഇത് പ്രവർത്തിക്കുന്നത്.ഇവിടെ നടത്തുന്ന **full** ടൈം **course** കൾക്ക് ഫീസ് വാങ്ങാതെ

പലരും നൽകുന്ന സംഭാവന തുകയാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. എന്നാൽ ചില **short time online** കോഴ്സുകൾക്ക് ഫീസ് ഈടാക്കുന്നതായും അറിയിച്ചു.ഈ സ്ഥാപനം **Reglious education** നടത്തുന്നതാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടത് ഒന്നുകിൽ പഞ്ചായത്ത് അല്ലെങ്കിൽ വില്ലേജ് ഓഫീസർ ആണ്. അവയൊന്നും സമർപ്പിച്ചിട്ടില്ല. അതിനാൽ **05/02/2025** നകം ഇത്തരം സാക്ഷ്യപത്രങ്ങൾ സമർപ്പിക്കാൻ അവസരം നൽകി. എന്നിട്ടും ഇത്തരം രേഖകൾ ഒന്നും തന്നിട്ടില്ല. നൽകിയ രേഖകളിൽ **Wisdon Education Board** ന്റെ **Affliation Certificate** ഉം മറ്റുമൊക്കെയാണ്. അവയൊന്നും മതിയായ രേഖകളല്ല. അതിനാൽ ഇതൊരു **Religious Education** സ്ഥാപനമാണെന്ന് സ്ഥാപിക്കാൻ പരാതിക്കാരന് കഴിഞ്ഞിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ ഈ ഉപഭോക്താവിന് **6A** താരിഫിന് അർഹതയില്ലെന്നും ബാധകമായ താരിഫ് **6 F** തന്നെയാണെന്നും സ്ഥാപിക്കേണ്ടി വരുന്നു.

## തീരുമാനം

സമർപ്പിച്ച രേഖകൾ പരിശോധിച്ച്, പരാതിക്കാരന്റെയും എതിർകക്ഷിയുടെയും വാദം കേൾക്കുകയും ചെയ്ത്, മുകളിൽ സൂചിപ്പിച്ച വിശകലനത്തിൽ നിന്നും ഇനിപ്പറയുന്ന തീരുമാനം എടുക്കുന്നു.

1. **CGRF** ന്റെ ഉത്തരവിനെ ശരിവച്ച് ഉത്തരവാകുന്നു.

2. മറ്റു ചെലവുകൾ അംഗീകരിച്ചിട്ടില്ല.

**ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ**

**P/079/2024/ തീയതി: 10/02/2025.**

**അയക്കുന്നത്:**

1. ശ്രീ.പി.എൻ. അബ്ദുൽ ലത്തീഫ്(ചെയർമാൻ), ജാമിയ അൽ ഹിന്ദ് അൽ ഇസ്ലാമിയ ട്രസ്റ്റ് നടുവക്കാട്, ഊരകം, മലപ്പുറം - 676519
2. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കോട്ടയ്ക്കൽ, മലപ്പുറം, ജില്ല.

**പകർപ്പ് സമർപ്പിക്കുന്നത്:**

1. സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, KPFC ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം -10.

2. സെക്രട്ടറി, കെ.എസ്.ഇ. ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം- 4.

3. ചെയർപേഴ്സൺ, ഉപഭോക്തൃ പരാതി പരിഹാര ഫോറം, വൈദ്യുതി ഭവനം, താഴത്തെ നില, കെഎസ്ഇബി, ഗാന്ധി റോഡ്, കോഴിക്കോട്, പിൻ 673011.